നം. സി.ഇ.ഇ/1717/2010/കെ.ഇ.എ.എം_2011/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2011 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്ക് പ്രസിദ്ധപ്പെടുത്തി

കേരള മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പ്രോസ്പെക്ടസ് 2011 ലെ ക്ലോസ് 9.7.4 (b)(ii) പ്രകാരം 2011 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പ്രവേശന പരീക്ഷയിലെ മാർക്കിനും യോഗ്യതാ പരീക്ഷയിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/ കംപ്യൂട്ടർ സയൻസ്/ബയോടെക്നോളജി/ബയോളജി എന്നിവയ്ക്ക് മൊത്തം ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകുന്നതാണ്.

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് വിദ്യാർത്ഥികൾ ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ 06.06.2011 മുതൽ 17.06.2011 വരെ മാർക്ക് വിവരങ്ങൾ സമർപ്പിക്കുവാനും 'മാർക്ക് സബ്മിഷൻ ഡേറ്റ'യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രിന്റൗട്ടും രണ്ടാം വർഷ യോഗ്യതാ പരീക്ഷ (പ്ലസ് ടു) യുടെ മാർക്ക് ലിസ്റ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പിയും 20.06.2011 നു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ വിജ്ഞാപന പ്രകാരം മാർക്കു വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുകയും നിർദ്ദിഷ്ട രേഖകൾ സമയപരിധിക്കുള്ളിൽ തന്നെ നൽകുകയും ചെയ്തവരുടെ മാർക്ക് വിവരങ്ങൾ പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അപേക്ഷാർത്ഥികൾ വെബ്സൈറ്റിലുള്ള അവരവരുടെ മാർക്ക് വിവരങ്ങൾ പരിശോധിച്ച് എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമയുടെ പ്രിന്റൗട്ടെടുത്ത് ശരിയായ വിവരം രേഖപ്പെടുത്തി **30.06.2011** നു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കണം. **30.06.2011** നുശേഷം മാർക്കിലുള്ള വ്യത്യാസം സമർപ്പിക്കാനവസരമുണ്ടായിരിക്കുന്നതല്ല.

ഓൺലൈനായി മാർക്കു വിവരങ്ങൾ രേഖപ്പെടുത്തിയതിനുശേഷം പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കേണ്ടിയിരുന്ന മാർക്കു സബ്മിഷൻ ഡേറ്റയുടെയോ മാർക്കു ലിസ്റ്റിന്റെയോ നിശ്ചിത കോപ്പി സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ അപേക്ഷാർത്ഥികളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മാർക്കു വിവരങ്ങൾ പരിശോധിക്കണം. പ്രസ്തുത അപേക്ഷാർത്ഥികളും മാർക്ക് സബ്മിഷൻ ഡേറ്റയുടെ ഒപ്പിട്ട കോപ്പിയും മാർക്കു ലിസ്റ്റിന്റെ അറ്റസ്റ്റു ചെയ്ത കോപ്പിയും **30.06.2011** നു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കേണ്ടതാണ്.

മാർക്കു വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ വരുത്തിയ തെറ്റുകൾ തിരുത്താൻ മേൽപറഞ്ഞപ്രകാരം നിശ്ചിത തീയതിക്കകം അപേക്ഷിച്ചില്ലെങ്കിൽ, അപേക്ഷാർത്ഥികൾ ഓൺലൈനായി രേഖപ്പെടുത്തിയ മാർക്ക്തന്നെ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ സ്വീകരിക്കുകയും അവരുടെ റിസൽട്ട് '**Withheld**' ആയി നിലനിർത്തുകയും ചെയ്യും.

മുകളിൽ പറഞ്ഞതുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും **30.06.2011** ന് വൈകുന്നേരം 5 മണിക്ക് മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ (സ്പീഡ് പോസ്റ്റ്/രജിസ്റ്റേർഡ് പോസ്റ്റ്) ലഭിച്ചിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.



**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
24.06.2011